പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7548 | 14.07.2014 ൽ മറുപടിയ്ക്ക് |
| അംഗൻവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | |
| ചോദ്യം | ഉത്തരം |
| ശ്രീ. പി. എ. മാധവൻ<br>„ ഐ. സി. ബാലകൃഷ്ണൻ<br>„ എം. പി. വിൻസെന്റ്<br>„ ആർ. സെൽവരാജ് | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) അംഗൻവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് രൂപീകരിക്കാൻ പദ്ധതിയുണ്ടോ ; വിശദമാക്കുമോ ; | (എ) കേരള അംഗൻവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അത് സ്റ്റാറ്റ്യൂട്ടറി ആക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) ഐ.സി.ഡി.എസ് പദ്ധതിയിൽ പ്രവർത്തിക്കുന്ന അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും താഴെപ്പറയുന്ന ആനുകൂല്യങ്ങൾ നൽകുക എന്നതാണ് ക്ഷേമനിധിയുടെ ഉദ്ദേശം.<br>1. സേവനം അവസാനിപ്പിച്ച് പിരിഞ്ഞ് പോകുമ്പോൾ ധനസഹായം നൽകുക.<br>2. വൈദ്യസഹായം<br>3. ഭവനനിർമ്മാണ വായ്പ<br>4. വിവാഹ ആവശ്യത്തിനുള്ള വായ്പ<br>5. കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള വായ്പ<br>6. കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള പ്രോത്സാഹനം<br>7. അപകട സംരക്ഷണം<br>8. പെൻഷൻ നൽകുക |
| (സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ; | (സി) സംഘടനകളോ മറ്റു സർക്കാർ വകുപ്പുകളോ നിലവിൽ ഇതുമായി സഹകരിച്ചു പ്രവർത്തിക്കുന്നില്ല. കേരള അംഗൻവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളത് വർക്കർമാരും ഹെൽപ്പർമാരുമാണ്. |
| (ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ ? | (ഡി) കേരള അംഗൻവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധി ബിൽ 2014 കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ